# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1738 14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## <u>ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടവർ</u>

| <u>ചോദ്യം</u><br>ശ്രീ. അടൂർ പ്രകാശ് | <u>ഉത്തരം</u><br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെട്ടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സ്റ്റേഷനിൽ നിന്നും വിട്ടയച്ചതിനുശേഷം ആത്മഹത്യ ചെയ്ത നിലയിൽ ഒരാളെ കണ്ടെത്തിയിട്ടുണ്ട്. കൊലപ്പെട്ടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ ആരെയും കണ്ടെത്തിയിട്ടില്ല. |
| (ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്ത കേസ്സ് സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ? | (ബി) പാവറട്ടി പോലീസ് സ്റ്റേഷനിലെ പ്രോസസ് സെർവർ ഡ്യൂട്ടിക്കാരനായ സിവിൽ പോലീസ് ഓഫീസർ 17/07/2017 തീയതി പകൽ 12.00 മണിയ്ക്ക് ഡ്യൂട്ടിക്കിടയിൽ മാനിനക്കുന്ന് ഭാഗത്ത് എത്തിയ സമയം, വിജനമായ സ്ഥലത്ത് രണ്ട് ആൺകുട്ടികൾ ഒരു മോട്ടോർ സൈക്കിളിൽ വന്ന് ഒരു പെൺകുട്ടിയുമായി സംസാരിച്ച നിൽക്കുന്നത് കാണപ്പെട്ടു. സമീപ സമയത്ത് പാവറട്ടി, ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധികളിൽ വ്യാപകമായി മോട്ടോർ സൈക്കിളിൽ എത്തി മാല പൊട്ടിക്കുന്ന സംഭവങ്ങൾ ഉണ്ടായതിനെത്തുടർന്ന് മോട്ടോർ സൈക്കിളുകൾ കേന്ദ്രീകരിച്ച് അന്വേഷണവും പരിശോധനയും നടത്തുന്നതിന് നിർദ്ദേശമുള്ള സമയമായതിനാൽ മോട്ടോർ സൈക്കിളിൽ വന്ന ആൺകുട്ടികളെ ചോദ്യം ചെയ്തതിൽ ടിയാന്മാർ ഏങ്ങണ്ടിയൂർ ഭാഗത്തുള്ളവരാണെന്നും വാഹനത്തിന് രേഖകളില്ലെന്നും കാണപ്പെട്ടതിനാൽ മോട്ടോർ |

സൈക്കിളുമായി പോലീസ് സ്റ്റേഷനിലേയ്ക്ക് എത്തുന്നതിന് നിർദ്ദേശിക്കുകയും, ആയതു പ്രകാരം വിനായകനെ സി.പി.ഒ. 6802 ശ്രീജിത്ത് തന്റെ ബൈക്കിലും ശരത്ത് എന്നയാൾ അവരുടെ കൈവശമുണ്ടായിരുന്ന KL-45-3631 TVS STAR CITY മോട്ടോർ സൈക്കിളിലുമായി പാവറട്ടി പോലീസ് സ്റ്റേഷനിലേക്ക് എത്തുകയുമാണ് ഉണ്ടായത്. തുടർന്ന് ഉച്ചയ്ക്ക് 3 മണിയോടെ കുട്ടികളെ രക്ഷകർത്താക്കളോടൊപ്പം വിട്ടയച്ചിട്ടുള്ളതുമാണ്. പിറ്റേദിവസം 18/07/2017 തീയതി രാവിലെ 10.30 മണിയ്ക്കും 12.45 മണിയ്ക്കും ഇടയിൽ വീട്ടിൽ മറ്റാരും ഇല്ലാതിരുന്ന സമയത്ത് വിനായക് വീട്ടിൽ കെട്ടിത്തൂങ്ങി മരണപ്പെടുകയുണ്ടായിട്ടുള്ളതാണ്. ഇക്കാര്യത്തിന് വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നം.803/17 u/s 174 Cr.PC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതും തുടർന്ന് പ്രസ്തുത കേസ്സ് സി.ബി.സി.ഐ.ഡി. ഏറ്റെടുത്ത് അന്വേഷണം നടത്തി വരുന്നതുമാണ്.

[signature]

സെക്ഷൻ ഓഫീസർ.